പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.337 — 28.05.2019 ൽ മറുപടിക്ക്

## നെയ്യാറ്റിൻകര കുടുംബാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനുവദിച്ച കുടുബാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നിന്നും പരണിയം പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി . ആർദ്രം പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു .<br>1.ഡോക്ടർ-1<br>2.സ്റ്റാഫ് നഴ്സ്-2<br>3.ലാബ് ടെക്നീഷ്യൻ-1<br>ആർദ്രം പദ്ധതിയുടെ ഭാഗമായി 2018-19 ൽ ചെങ്കൽ,കുളത്തൂർ,കാരോട് ,പൊഴിയൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ടു.പൊഴിയൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 14,46,101/-(പതിനാല് ലക്ഷത്തി നാൽപ്പത്തിആറായിരത്തി ഒരുന്നൂറ്റി ഒന്ന്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് .മറ്റിടങ്ങളിൽ 15,50,000/-(പതിനഞ്ച് ലക്ഷത്തി അൻമ്പതിനായിരം) രൂപയുടെ വർക്ക് ടെൻഡർ ചെയ്തിട്ടുണ്ട് .മറ്റ് നടപടി ക്രമങ്ങൾ എൻ.എച്ച്.എം മുഖേന പൂർത്തിയാക്കി വരുന്നു. |
| (ബി) | കുളത്തൂർ, ചെങ്കൽ, കാരോട്, പൊഴിയൂർ എന്നിവിടങ്ങളിലെ പി.എച്ച്.സി.കൾ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ ;<br>നിർമ്മാണപ്രവൃത്തി നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത്; | (ബി) | അനുമതി നൽകിയിട്ടുണ്ട് .എൻ.എച്ച്.എം മുഖേനയാണ് നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നത് . |
| (സി) | കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരുടെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ